**No. CEE/ 4262/ 2016 / MDS-2017/ TA4**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# പത്രക്കുറിപ്പ്

## പി ജി ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2017-18

## ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

സർക്കാർ ഡെന്റൽ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിലെയും, കൽപിത സർവകലാശാലയിലെയും ഒഴിവു വരുന്ന സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ 2017 മേയ് 29–ാം തീയതി രാവിലെ 9.30 മുതൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഓൾഡ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.

**20.05.2017** ന് പ്രസിദ്ധീകരിച്ച Kerala State Combined Merit List -ൽ ഉൾപ്പെട്ടവർക്കു മാത്രമായിരിക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ യോഗ്യതയുണ്ടായിരിക്കുന്നത്. സ്പോട്ട് അഡ്മിഷൻ സ്ലിപ്പ് **27.05.2017 1** മണി മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ നിർബന്ധമായും സ്പോട്ട് അഡ്മിഷൻ സ്ലിപ്പ് ഹാജരാക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന ഫീസ് ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോരിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള നിശ്ചിത മാതൃകയിൽ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ (ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം) സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. (മുസ്ലീം വിഭാഗത്തിൽപ്പെട്ടവർ റവന്യൂ അധികാരിയിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.) സ്വാശ്രയ മെഡിക്കൽ കോളേജകളിലെയും, കല്പിത സർവകലാശാലയിലെയും എൻ.ആർ.ഐ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. സ്പോട്ട് അഡ്മിഷന്റെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന വിശദമായ വിജ്ഞാപനം വെബ്സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം

25.05.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**